# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*125** **06.03.2020 - ൽ മറുപടിയ്ക്ക്**

## ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്ര പുരോഗതിക്കായി ആദിവാസി കർഷക ജനതയുടെ പാരമ്പര്യ കൃഷി പുന:സ്ഥാപിക്കുന്നതിനും ഇതുവഴി ഈ മേഖലയിലെ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുമായി പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) അട്ടപ്പാടി ആദിവാസി മേഖലയുടെ സമഗ്ര പുരോഗതിക്കായി, ആദിവാസി സമൂഹത്തിന്റെ പാരമ്പര്യ കൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവു മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണ രീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം കർഷകരുടെ ആവശ്യം കഴിഞ്ഞുള്ള ചെറു ധാന്യങ്ങൾ കിലോയ്ക്ക് 40/-രൂപ നിരക്കിൽ കൃഷി വകുപ്പ് സംഭരണം നടത്തി കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നുണ്ട്.<br>2019-20 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ള, കൃഷി ചെയ്യാൻ താൽപര്യമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി പട്ടിക വർഗ്ഗക്കാർക്കുള്ള "വരുമാനദായക കാർഷിക ഉദ്യമം പദ്ധതി"-യിൽ ഉൾപ്പെടുത്തി അട്ടപ്പാടിയിൽ 2019 ജൂൺ മാസം മുതൽ "നമത് വെള്ളാമെ" എന്ന പദ്ധതി 19 ഊരുകളിലായി ഏകദേശം 800 ഏക്കറിൽ നടപ്പിലാക്കി വരുന്നു. 600 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. |

ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കഴിഞ്ഞവർഷം വിവിധ വിളകൾ കൃഷി ചെയ്തതിന്റെയും വിളവെടുപ്പിന്റെയും വിവരങ്ങൾ ലഭ്യമാക്കാമോ;

ബി) 2018-19 വർഷം മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം കൃഷി ചെയ്തതിന്റെയും വിളവെടുപ്പിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കൃഷി | ഇനം | വിസ്തീർണ്ണം (ഹെക്ടർ) | ഉൽപാദനം (മെട്രിക് ടൺ) |
|---|---|---|---|
| ഒന്നാം വിള | ചെറുധാന്യം | 225 | 69.135 |
| | പയറു വർഗങ്ങൾ | 210 | 193.5 |
| | പച്ചക്കറി | 50 | 254 |
| രണ്ടാം വിള | ചെറുധാന്യം | 240 | 94.24 |
| | പയറു വർഗ്ഗങ്ങൾ | 235 | 130.8 |
| | പച്ചക്കറി | 25 | 133 |
| | സൂപ്പർ ഫുഡ് ചിയ | 20 | 1.2 |

**2019-20 വർഷം നമത് വെള്ളാമെ പദ്ധതി വിളവെടുപ്പ് വിവരങ്ങൾ**

| ക്രമ നം. | കൃഷി | വിളവ് (ക്വിന്റൽ) |
|---|---|---|
| 1 | റാഗി | 74.9 |
| 2 | ചാമ | 67.8 |
| 3 | നെല്ല് | 26.4 |
| 4 | കപ്പലണ്ടി | 15.5 |
| 5 | ചോളം | 7.45 |
| 6 | പച്ചക്കറി | 17.65 |
| 7 | എള്ള് | 1 |
| 8 | കടുക് | 1 |

സി) കർഷകരുടെ സ്വന്തം ആവശ്യങ്ങൾ കഴിഞ്ഞുള്ള വിളവ് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പന്നങ്ങളാക്കി വിതരണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

സി) കർഷകരുടെ ഉപയോഗത്തിനു ശേഷമുള്ള 7.25 മെട്രിക് ടൺ ചെറുധാന്യം മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി കൃഷി വകുപ്പ് മുഖേന വിപണനം നടത്തിവരുന്നു.

ഡി) ആദിവാസി ജനവിഭാഗങ്ങൾ തികച്ചും ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന കാപ്പി, കോലിഞ്ചി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ സംഭരിച്ച് സംസ്കരണം നടത്തി അതിരപ്പിള്ളി ട്രൈബൽ വാലി

ഡി) അതിരപ്പിള്ളി ട്രൈബൽവാലി കാർഷിക പദ്ധതി അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി വിഭാഗത്തിന്റെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആദിവാസി വിഭാഗത്തിന്റെ കൃഷിയും കൃഷിയിൽ നിന്നുള്ള വരുമാന വർദ്ധനവും അതോടൊപ്പം

പ്രോഡക്ട്സ് എന്ന പേരിൽ വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശേഖരിക്കുന്ന വനവിഭവങ്ങളുടെ ഉൾപ്പെടെ സംഭരണവും, മൂല്യവർദ്ധനവും, ഇങ്ങനെ മൂല്യവർദ്ധനം നടത്തിയ ഉല്പന്നങ്ങൾ ഒരു ഏകീകൃത ബ്രാന്റിൽ നേരിട്ടുള്ള വിപണനവും ആണ് ലക്ഷ്യമാക്കുന്നത്. മൂല്യവർദ്ധന യൂണിറ്റും വിപണന സംവിധാനങ്ങളും കൃഷിയുടെ പ്രോത്സാഹനവും നടപ്പിലാക്കുന്നതിനായി ആദിവാസി കർഷകരുടെ ഒരു FPO- കർഷക ഉല്പാദക സംഘവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായുള്ള തുക റീബിൽഡ് കേരള പ്രോഗ്രാമിലും, (RKI) കൃഷി വകുപ്പ് PKVY പദ്ധതിയിലും, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും, UNDP- യിൽ നിന്നുമാണ് നൽകുന്നത്. ഇതിൽ കൃഷി വകുപ്പിൽ നിന്നുമുള്ള ആദ്യ ഗഡുവും, UNDP- യുടെ ആദ്യ ഗഡുവും ലഭ്യമായിട്ടുണ്ട്. റീബിൽഡ് കേരള പ്രോഗ്രാം (RKI) ഫണ്ടിലാണ് മൂല്യവർദ്ധനവും, സംഭരണവും, ബ്രാൻഡിങ്ങും, വിപണനവും ഉൾപ്പെടുത്തിയിരിക്കുന്നത്. റീബിൽഡ് കേരളം ഫണ്ടിന് അംഗീകാരം ഇതുവരെ ലഭ്യമായിട്ടില്ല. ഫണ്ട് ലഭ്യമായതിന് ശേഷമേ സംഭരണവും, സംസ്കരണവും വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ആരംഭിക്കുകയുള്ളൂ. PKVY പ്രകാരമുള്ള പദ്ധതി നടത്തിപ്പ് തുടങ്ങിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**